**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5047

22.05.2017-ൽ മറുപടിക്ക്

## സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തിക

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ മന്ത്രി) |
|---|---|
| (എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേക്കുള്ള പ്രമോഷൻ തടഞ്ഞുവച്ചത് പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് സംഘടനകൾ സർക്കാരിനോ ഡയറക്ടർക്കോ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ഈ പരാതിയിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) ഉണ്ട്. കേരള എൻ.ജി.ഒ. യൂണിയൻ ജനറൽ സെക്രട്ടറി 05.09.2016 തീയതിയായി നൽകിയ പരാതി പരിശോധിച്ച് വരുന്നു. |
| (ബി) ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേക്ക് പ്രമോഷൻ നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) പോളിമർ വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിന്ന് വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേക്ക് തസ്തികമാറ്റ നിയമനം നടത്തുവാൻ തടസ്സങ്ങളില്ല. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ബാക്കിയുള്ള ട്രേഡ് ഇൻസ്ട്രക്ടർ തസ്തികകളിൽ നിന്നും വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേക്ക് തസ്തികമാറ്റ നിയമനം നടത്തുവാൻ നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം 1 : 1 അനുപാതം ക്രമീകരിക്കേണ്ടതുണ്ട്. ആകെ തസ്തികകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ പി.എസ്.സി. വഴി നിയമിതരായവരുടെ എണ്ണം കുറവായതിനാൽ മേൽപ്പറഞ്ഞ അനുപാതം പാലിക്കുന്നതുവരെ ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ